# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ :1668

11.02.2013 - ലെ
മറുപടിക്ക്

## കാർഷിക വികസന നയം

ചോദ്യം
ശ്രീ.എ.കെ. ബാലൻ

മറുപടി
ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ)സംസ്ഥാന സർക്കാർ കാർഷിക വികസന നയം രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാർ മുന്നോട്ടു വയ്ക്കുന്ന നയമെന്താണെന്ന് വ്യക്തമാക്കാമോ ; | (എ) ഇല്ല. |
| (ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) കാർഷിക നയം രൂപീകരിക്കുന്നതിനുള്ള നടപടികൾക്ക് ഇതിനകം തുടക്കം കുറിച്ചു കഴിഞ്ഞിട്ടുണ്ട്. ആവുന്നതും വേഗത്തിൽ നയം പ്രഖ്യാപിക്കണമെന്നുള്ളതാണ് സർക്കാരിന്റെ തീരുമാനം. |
| (സി) നയ രൂപീകരണത്തിന് കമ്മീഷൻ/ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാമാണ് കമ്മിറ്റിയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (സി) കാർഷിക നയ രൂപീകരണത്തിനായി സർക്കാർ ഒരു സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. താഴെ പറയുന്ന അംഗങ്ങളാണ് ഈ സബ് കമ്മിറ്റിയിൽ ഉള്ളത്. |

1. ശ്രീ.കെ. കൃഷ്ണൻകുട്ടി -ചെയർമാൻ
(സംസ്ഥാന ഉപദേശക സമിതിയിലെ കർഷക പ്രതിനിധി)
എഴുത്താണി ഹൗസ്, ചിറ്റൂർ
2. ശ്രീ.ആർ. ഹേലി, മുൻ കൃഷി ഡയറക്ടർ -മെംപർ
ഹിൽവ്യൂ, ആറ്റിങ്ങൽ
3. ഡോ. വടിവേൽ, പ്രോജക്ട് ഓഫീസർ, - മെംപർ
തമിഴ് നാട് സർവ്വകലാശാല, കോയമ്പത്തൂർ.
4. ഡോ.പി.വി. ബാലചന്ദ്രൻ , - മെംപർ
ഡയറക്ടർ (കാർഷിക വിജ്ഞാന വ്യാപനം)
കേരള കാർഷിക സർവ്വകലാശാല.
5. ഡോ.പി. രാജശേഖരൻ - മെംപർ
ചീഫ് (അഗ്രി), സംസ്ഥാന ആസൂത്രണ ബോർഡ്.
6. ശ്രീ.എം.എസ്.ജോസഫ്,മുൻ കാർഷികോൽപ്പാദന കമ്മീഷണർ, സത്യൻ നഗർ, പാപ്പനംകോട്, തിരുവനന്തപുരം.
7. ഡോ. കെ.ജി. സുമ, ഡയറക്ടർ (ഇ.ച) - മെംപർ
മൃഗസംരക്ഷണ വകുപ്പ്.
8. ശ്രീ.ആർ. അജിത്കുമാർ, - കൺവീനർ
കൃഷി വകുപ്പ് ഡയറക്ടർ (ഇ.ച)
9. ശ്രീ.എ.കെ. മാധവചന്ദ്രൻ, -ജോയിന്റ് കൺവീനർ

| | | |
|---|---|---|
| ഡി) | നയരൂപീകരണത്തിന് കമ്മിറ്റി മുൻപാകെ നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ/സമീപനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | താഴെപ്പറയുന്ന മുഖ്യലക്ഷ്യങ്ങളോടു കൂടി വേണം നയം രൂപീകരിക്കേണ്ടതെന്ന് കമ്മിറ്റി രൂപീകരിച്ചു കൊണ്ടുള്ള ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.<br>1. കാർഷിക വൃത്തിയിൽ നിന്നും വരുമാനം ഉറപ്പാക്കൽ<br>2. കർഷക തൊഴിലാളികൾക്ക് മാന്യത ഉറപ്പാക്കൽ<br>3. യുവ തലമുറയെ കൃഷിയിലേക്ക് ആകർഷിക്കൽ. |

സെക്ഷൻ ഓഫീസർ